**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലേക്ക് മൂലധനനിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് പ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമാണ് കേരളം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യവസായ മേഖലയിലെ മൂലധനനിക്ഷേപത്തിൽ റിസേർവ് ബാങ്ക് കണക്ക് പ്രകാരം(RBI Handbook of statistics on Indian States 2021-22) ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (28 സംസ്ഥാനങ്ങളും 8കേന്ദ്രഭരണപ്രദേശങ്ങളും) കേരളത്തിന്റെ റാങ്കിങ് പതിനേഴാമതാണ്. |
| (ബി) | വ്യവസായ മേഖലയിലെ മൂലധന നിക്ഷേപത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ പിന്നിലാണ് എന്ന കാര്യം വസ്തുതാപരമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 76,127കോടിരൂപയുടെ മൂലധനനിക്ഷേപം നാളിതുവരെ(2019-20)കേരളത്തിൽ നടത്തിയിട്ടുണ്ട് (ആർ ബി ഐ യുടെ കണക്ക് പ്രകാരം). PPIIT-യുടെ EODB- Ease of Doing Business) കേരളത്തിന്റെ റാങ്ക് 28-ൽ നിന്നും 15 ആയി ഉയർന്നിട്ടുണ്ട് എന്നുള്ളത് ഈ മേഖലയിൽ സംസ്ഥാനം കൊണ്ടുവരുന്ന കാലാനുഗതമായ പരിഷ്കാരങ്ങൾ വ്യക്തമാക്കുന്നതാണ്. |
| (സി) | മുഖ്യമന്ത്രിയും മന്ത്രിമാരും നിരവധി വിദേശ യാത്രകൾ നടത്തിയിട്ടും കേരളത്തിലേക്ക് മൂലധനനിക്ഷേപം ആകർഷിക്കാൻ സാധിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (സി) | 2022-ൽ ദുബായിൽ നടന്ന ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി മുരള്യ ഗ്രൂപ്പ് 100 കോടി മുതൽമുടക്കി അങ്കമാലിയിൽ അവരുടെ പുതിയ പ്രൊജക്റ്റ് തുടങ്ങാനായി നടപടി എടുത്ത് മുന്നോട്ട് പോകുന്നു.കെ എസ് ഐ ഡി സി ഇതിനു വേണ്ട സ്ഥലവും അനുവദിച്ചു നൽകിയിട്ടുണ്ട്.മറ്റൊരു പ്രോജെക്റ്റായ ഹോട്ട് പാക്കിനും അങ്കമാലിയിൽ സ്ഥലം അനുവദിച്ച് പാക്കേജിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകുന്നു. |
| (ഡി) | കേരളത്തിലേക്ക് മൂലധന നിക്ഷേപം ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലേക്ക് മൂലധനനിക്ഷേപം ഗണ്യമായി ആകർഷിക്കുന്നതിനായി പ്രധാനമായും രണ്ട് കാര്യങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊന്നൽ നൽകിയിരിക്കുന്നത്.<br><br>1) കേരളത്തിന് ഒരു പുതിയ വ്യവസായനയം രൂപീകരണം നടത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് കഴിഞ്ഞു. ഇതിലേക്കായി കേരള ഇൻവെസ്റ്റ്മെന്റ് & കൊമേഴ്സ്യൽ പോളിസി (ഡ്രാഫ്റ്റ് )2022, ഓഗസ്റ്റ് 2022 -ൽ പുറത്തിറക്കി. വ്യവസായ മന്ത്രി, വ്യവസായ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ മുതലായവർ സി.ഐ.ഐ; എഫ്.ഐ.സി.സി.ഐ; കെ.എസ്.ഐ.എ മുതലായ ഇൻഡസ്ട്രീസ് അസോസിയേഷന്റെ പ്രതിനിധികളുമായും വ്യവസായ പ്രമുഖരായും പോളിസിയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിക്കുന്ന വിശദമായ ചർച്ചകൾ നടത്തി വരികയാണ്. കെ.എസ്.ഐ.ഡി.സി -യുടെ വെബ് സൈറ്റിൽ ഇത് ലഭ്യമാണ്. ഏപ്രിൽ 1, 2023 മുതൽ ഇത് നിലവിൽ വരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു .<br><br>2) കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഈ സർക്കാർ വന്നതിനു ശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും ഇതിന്റെ ഭാഗമായി കേരളത്തിൽ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിയുകയും അതിൽ 6 സെക്ടറുകളിൽ നിക്ഷേപകരുമായി ഇതിനോടകം കൂടിക്കാഴ്ച നടത്തി അതിനു വേണ്ട പ്രവർത്തനപദ്ധതി തയ്യാറാക്കി വരുകയാണ്. കൂടാതെ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ എളുപ്പത്തിലാക്കുന്നതിനും അവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരുമായി സ്ഥിരം സംവദിക്കുവാനുമുള്ള ഒരു സംവിധാനം കൊണ്ടുവരാനും അവരുടെ നിക്ഷേപങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുവാനും ദുബായിലും ഡൽഹിയിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓഫീസ് തുടങ്ങുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിലേക്കായി ഇന്ത്യയിൽ പ്രത്യേകിച്ചും കേരളത്തിൽ നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള രാജ്യങ്ങളിൽ പോകുകയും അവിടെയുള്ള നിക്ഷേപകരെ കൂടുതലായി ഇവിടേയ്ക്ക് ആകർഷിക്കുവാനുമായുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുകയാണ്. കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ളവരുടെ തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്തുവാനായി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്ത് തുടർനിക്ഷേപം കേരളത്തിൽ തന്നെ നടത്തുവാനുള്ള നടപടി ക്രമങ്ങളും സർക്കാർ എടുത്ത് വരികയാണ് . |

സെക്ഷൻ ഓഫീസർ